IV സബ്മിഷൻ

(1) എഫ്. എ.സി.റ്റി. ഡിസ് ഇൻവെസ്റ്റ് ചെയ്യാതെ ഇഫ്കോയുമായി സഹകരിച്ച് നിലനിർത്തണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദാലി : FACT യുടെ സ്ഥിതി അതീവ ഗുരുതരമാണ് ഗവൺമെന്റ് ഗൗരവമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഡിസ് ഇൻവെസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ എഫ്.എ.സി.റ്റി-യെ ഉൾപ്പെടുത്തിയിരിക്കുകയാണ്. അയ്യായിരത്തിലേറെ വരുന്ന ജീവനക്കാർ ആശങ്കാകുലരാണ്. സംസ്ഥാന ഗവൺമെന്റിന്റെ കാര്യമായ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമായി വന്നിരിക്കുകയാണ്. സഹകരണ മേഖലയിൽ ഇഫ്കോയുമായി ആലോചിച്ച് ..... മന്ത്രി ഇല്ലെന്നു തോന്നുന്നു.

മി. സ്പീക്കർ : Minister is not there. വ്യവസായ മന്ത്രി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ട്. Any way you say, he will answer.

ശ്രീ. കെ. മുഹമ്മദാലി : ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽ ആവശ്യമാണ്.

മി. സ്പീക്കർ : രാമചന്ദ്രൻ മാസ്റ്റർ, പിറകിൽ മെമ്പർ സംസാരിച്ചു കൊണ്ടു നിൽക്കുകയാണ്. ഒന്നു നോക്കേണ്ട. മുഹമ്മദാലി സംസാരിച്ചു കൊണ്ടു നിൽക്കുന്നു. yes.....yes.....

ശ്രീ. കെ. മുഹമ്മദാലി : സഹകരണ മേഖലയുടെ നേതൃത്വത്തിൽ ഇഫ്കോയുമായിസഹകരിച്ചുകൊണ്ട് ഈ സ്ഥാപനത്തെ, പൊതുമേഖലയിൽ നിലനിർത്തുണം. കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ രാജ്യത്തെ പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനവുമായ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വലിയ പങ്ക് വഹിച്ച FACT യെ രക്ഷപ്പെടുത്തുവാൻ, നിലനിർത്തുവാൻ വേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണ്. ഇഫ്കോയുടെ സഹകരണത്തോടെ, സഹകരണ മേഖലയിൽ FACTയെ നിലനിർത്തുവാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സഹകരണമേഖലയിൽ FACT-യെ നിലനിറുത്താൻ സാധിക്കുമോ എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ തന്നെ സഹകരണവും തുറമുഖവും വകുപ്പുമന്ത്രിയും ആരാഞ്ഞിട്ടുണ്ട്. അത് അവർ തീർത്തും മറുപടി പറഞ്ഞിട്ടില്ലെങ്കിലും ഡിസ്ക്കഷൻ നടന്നിട്ടുണ്ട്. ആ ഒരു പൊസിഷൻ കേന്ദ്ര ഗവൺമെന്റിനെയും അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് അത് ശക്തമായി ഫോളോ ചെയ്യുന്നതാണ്.

(2) സർവ്വീസ് പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. വി. സി. കബീർ : സർ, കേരളത്തിലെ സർവ്വീസ് പെൻഷൻകാരോട് ഈ ഗവൺമെന്റ് യുക്തമായ നയല്ലേ സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ ചികിത്സാ പദ്ധതി നിർത്തലാക്കി. ഡി.എ. കുടിശ്ശികകൾ പലതും

LIBRARY ARCHIVES Kerala Legislative Assembly